കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്

ബജറ്റ് 2024-25



8 വർഷങ്ങൾക്ക് മുമ്പ് നാം കണ്ട കേരളമല്ല ഇന്നത്തെ കേരളം. നമ്മുടെ സംസ്ഥാനം അതിവേഗം നവീകരിക്കപ്പെടുകയാണ്. കേന്ദ്ര സർക്കാറിന്റെ ശത്രുതാപരമായ സമീപനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക ഉപരോധത്തിലേക്ക് നമ്മുടെ നാടിനെ തള്ളിവിടുകയാണ്. കേന്ദ്രത്തിന്റെ സമീപനത്തിൽ പരിതപിച്ച് മാറിനിൽക്കാതെ 'തകരില്ല കേരളം, തളരില്ല കേരളം, തകർക്കാനാകില്ല കേരളത്തെ' എന്ന ശക്തമായ വികാരത്തോട് കൂടി നേട്ടങ്ങളെയും പുരോഗതികളെയും മുന്നോട്ട് കൊണ്ടുപോകാനും നവകേരളം സൃഷ്ടിക്കാനുമുള്ള പ്രവർത്തനങ്ങളിൽ കേരള സംസ്ഥാന സർക്കാറിനോടൊപ്പം കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തും അണിചേരുന്നു.

വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം തന്നെ നാടിന്റെ തനതായ കാർഷിക സംസ്കാരത്തെ മറക്കാതെ ഉൽപാദന മേഖലയ്ക്ക് പ്രഥമ പരിഗണന നൽകുന്ന സമവാക്യം നിലനിർത്തിക്കൊണ്ടു തന്നെയാണ് കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2024-25 വർഷത്തെ ബജറ്റ് വളരെ പ്രതീക്ഷയോടെയും ഉത്തരവാദിത്തത്തോടെയും മുമ്പോട്ട് വെക്കുന്നത്.


നിലവിലുള്ള വരുമാന സ്രോതസ്സുകളുടെയും വിഭവങ്ങളുടെയും പശ്ചാത്തലത്തിൽ വികസനകാഴ്ചപ്പാട് തയ്യാറാക്കുന്നതിനൊപ്പം തന്നെ കേരളസർക്കാർ വിഭാവനം ചെയ്യുന്ന അതിദാരിദ്ര നിർമാർജ്ജന പദ്ധതിയുടെയും, നവകേരളം കർമ്മപദ്ധതി, ലൈഫ് മിഷൻ, സംരംഭകത്വ പ്രോത്സാഹനം, ടൂറിസം വികസനം, ഹാപ്പിനെസ് പാർക്ക്, മാലിന്യ നിർമാർജ്ജന തുടർപ്രവർത്തനങ്ങൾ, ബഡ്സ് സ്കൂൾ പ്രവർത്തനം തുടങ്ങിയ പദ്ധതികളുടെ ഫലപ്രാപ്തി പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്തും ലക്ഷ്യമിടുന്നു.

നിലവിലുള്ള വിഭവസ്രോതസ്സിന്റെ പരിമിതിയിൽ നിന്നുകൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാട് തയ്യാറാക്കുക എന്ന യാഥാർത്ഥ്യ ബോധത്തിൽ നില നിന്നു കൊണ്ടു തന്നെയാണ് 2024-25 സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്ത് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ മുന്നോട്ടു വെക്കുന്ന പ്രവർത്തനങ്ങൾ നിർബാധം തുടരുന്നതിനാവശ്യമായ വകയിരുത്തലുകൾ ഈ ബജറ്റിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ബജറ്റ് കേവലം കണക്കുകൾ മാത്രമല്ല, നാടിനെ കൂടുതൽ കരുത്തോടെ മുന്നോട്ട് നയിക്കാനുള്ള ഒരു സമീപന രേഖയാണ്. നമ്മുടെ നാടിനെ കൂടുതൽ പുരോഗതിയിലേക്കും വികസനത്തിലേക്കും നയിക്കാനുള്ള പ്രവർത്തന രേഖയായി ഈ ബജറ്റ് മാറുമെന്ന് പ്രതീക്ഷിക്കുന്നു.

സ്നേഹാദരങ്ങളോടെ

ടി.സുലജ
ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്



കെ മോഹനൻ

(വൈസ് പ്രസിഡന്റ്)

കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്ത്

ബജറ്റ് 2024-25

കടന്നപ്പള്ളി പാണപ്പുഴഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റാണ് ഞാൻ നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. 2020 ഡിസംബർ 21 ന് നിലവിൽ വന്ന പഞ്ചായത്ത് ഭരണസമിതി അവതരിപ്പിക്കുന്ന നാലാമത്തെ ബജറ്റാണിത്.

'പൗരധർമത്തിന്റെ പൊതുബോധം ഉദ്ദീപിപ്പിക്കാൻ ഞങ്ങൾ അനവരതം പ്രയത്നിക്കുമെന്നും ഈ നാടിനെ ഞങ്ങളെ ഏൽപ്പിച്ചതിൽനിന്ന് ഏറെ മഹത്തരവും പൂർവാധികം സുന്ദരവുമാക്കാൻ ഞങ്ങൾ പ്രവർത്തിക്കുമെന്നും പ്രതിജ്ഞയെടുക്കുന്നു'. ബിസി 500 ൽ ഏതൻസ് നഗരത്തിലെ ഭരണാധികാരികൾ വർഷംതോറും ജനങ്ങളുടെ മുന്നിൽ എടുത്തിരുന്ന പ്രതിജ്ഞയാണിത്. സമാനമായൊരു പ്രഖ്യാപനം അക്ഷരാർഥത്തിലും അർഥപൂർണമായും പ്രായോഗികമായി നടപ്പാക്കുന്ന ഒരു സർക്കാരാണ് എട്ടുവർഷ ത്തോളമായി കേരളം ഭരിക്കുന്നത്. കേന്ദ്രം സൃഷ്ടിക്കുന്ന പ്രതിസന്ധികളുടെയും വിവേചനങ്ങളുടെയും നടുക്കടലിൽ നിൽക്കുമ്പോഴും നമ്മുടെ സാമൂഹ്യ നേട്ടങ്ങളാകെ സംരക്ഷിച്ചും ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നിവ ഉറപ്പാക്കിയും സർവതല സ്പർശിയായ വികസനവും ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയും കൈവരിക്കുക എന്നതാണ് കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാഴ്ചപ്പാട്. ഈ ലക്ഷ്യത്തോടെ നവകേരളത്തിലേക്കുള്ള യാത്രയിലാണ് കേരളം. കേരളത്തിന്റെ സമ്പദ് വ്യവസ്ഥ **സൂര്യോദയ സമ്പദ് ഘടന**യായി മാറിയിരിക്കുന്നുവെന്നാണ് 2024-25 ലെ കേരള ബജറ്റിന്റെ ആമുഖത്തിൽ പറഞ്ഞിരിക്കുന്നത്. ആ നിരീക്ഷണം അടിവരയിട്ട് സാധൂകരിക്കുന്നതാണ് എട്ടുവർഷ കാലയളവിൽ കേരളം കൈവരിച്ച നേട്ടങ്ങൾ. ഇത്രയേറെ മാനവീയ നേട്ടങ്ങൾ കൈവരിച്ച മറ്റൊരു സംസ്ഥാനവും ഇന്ത്യയിൽ ഇല്ല. ബജറ്റിൽ പറഞ്ഞതുപോലെ പശ്ചാത്തല സൗകര്യമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് സംഭവിക്കുന്നത്. ശാസ്ത്ര സാങ്കേതിക പുരോഗതിയുടെയും ഡിമാൻഡിന്റെ ചലനാത്മകതയുടെയും ഉൽപ്പാദന വളർച്ചയുടെയും മുൻനിരയിൽ നിൽക്കുന്ന വികസനത്തുറകളെയാണ് സൂര്യോദയമേഖല എന്ന് പറയുന്നത്. അറിവും വിജ്ഞാനവും പ്രതിഭയും സർഗശക്തിയും സമന്വയിപ്പിച്ച് കേരളം കൈവരിക്കുന്ന ഈ മുന്നേറ്റം, മുടിഞ്ഞ നാടെന്ന് ചിത്രീകരിക്കാൻ ശ്രമിക്കുന്ന കേരള വിരുദ്ധരുടെ വായടപ്പിക്കുന്നതുമാണ്. കേരള മാതൃകയെ തകർക്കാൻ ശ്രമിക്കുന്നവരോട് കേരളം തകരില്ല, തളരില്ല, തകർക്കാൻ അനുവദിക്കില്ല എന്നാണ് ബജറ്റിലെ പ്രഖ്യാപനം. കേന്ദ്രം സംസ്ഥാനത്തോട് കാണിക്കുന്ന ഉപരോധ സമാനമായ സാമ്പത്തിക വിവേചനത്തിന്റെയും ആഗോള

മാന്ദ്യത്തിന്റെയും സാഹചര്യത്തിൽ പുതിയ സാധ്യതകൾ കണ്ടെത്തിയും ഉപയോഗപ്പെടുത്തിയുമാണ് വികസനപാതയിൽ കേരളം മുന്നോട്ടു പോകുന്നത്.

സംസ്ഥാനത്തിന്റെ സമൂലമായ വികസന പ്രവർത്തനങ്ങർ ഏറ്റെടുത്ത് മുന്നോട്ട പോകുമ്പോഴും, പ്രാദേശിക സർക്കാറുകൾ എന്ന നിലയിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന പിന്തുണ തദ്ദേശ സ്ഥാപനങ്ങൾക്ക് മുന്നോട്ട് കുതിക്കാനുള്ള കരുത്തും ഊർജ്ജവുമാണ്. സംസ്ഥാന സർക്കാറിന്റെ 2024-25 വർഷത്തെ ബജറ്റിലും തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്.

2024 ഏപ്രിൽ മാസം ഒന്നാം തീയ്യതി ആരംഭിച്ച് 2025 മാർച്ച് മാസം 31 ന് അവസാനിക്കുന്ന ഒരു സാമ്പത്തിക വർഷക്കാലം കടന്നപ്പള്ളി പാണപ്പുഴഗ്രാമപഞ്ചായത്ത് പ്രതീക്ഷിക്കുന്ന വരവുകളും അവയുടെ ചെലവുകളും യാഥാർത്ഥ്യ ബോധത്തോടെയും സൂക്ഷ്മതയോടെയും തയ്യാറാക്കിയ ബജറ്റാണ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളെല്ലാം തന്നെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷത്തിലേക്കുള്ള പദ്ധതിരൂപീകരണ പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കി വരികയാണ്. കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങളുടെ ക്ഷേമത്തിനും അതിജീവനത്തിനും, സന്തോഷകരമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ദീർഘവീക്ഷണത്തോടെ പ്രകൃതി വിഭവങ്ങൾ വിനിയോഗിക്കുകയും വരും തലമുറക്ക് കൂടി ഉപയോഗ യോഗ്യമാകും വിധം പരിസ്ഥിതിയേയും ചുറ്റുപാടുകളെയും സംരക്ഷിക്കുന്നതിന് കരുതലോടെ പ്രവർത്തിക്കുന്നതോടൊപ്പം പരമാവധി വിഭവങ്ങൾ സമാഹരിച്ചുകൊണ്ട് കൃത്യവും സൂക്ഷ്മവുമായ വിനിയോഗം ഉറപ്പുവരുത്തി ഓരോന്നും ഇനംതിരിച്ച് ഇവിടെ ചേർത്തിരിക്കുന്നു.

പഞ്ചായത്തിന്റെ ധനസ്ഥിതി അവലോകനം

കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ഭൂരിപക്ഷം ജനവിഭാഗത്തിനൊപ്പം സാമ്പത്തികമായി ഇടത്തരക്കാരും തൊഴിലാളികളും പിന്നോക്കക്കാരും ജീവനക്കാരും ഇടകലർന്നു ജീവിക്കുന്നു. കർഷകത്തൊഴിലാളികളും, നിർമാണത്തൊഴിൽ ചെയ്യുന്നവരും, വിദേശത്തുനിന്ന് തൊഴിൽ നഷ്ട്ടപ്പെട്ട് തിരികെ വരുന്നവരും ഉൾപ്പെടുന്ന സമൂഹത്തിൽ വികസനപദ്ധതികളെ എല്ലാ വിഭാഗങ്ങളുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുതകുന്ന തരത്തിൽ രൂപപ്പെടുത്തി എടുക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് പഞ്ചായത്തിന് ഏറ്റെടുക്കാനുള്ളത്.

പഞ്ചായത്തിന്റെ വികസനപദ്ധതികളും ദൈനംദിന ചെലവുകളും മറ്റു അനിവാര്യ ചുമതലകളും നിറവേറ്റുന്നതിന് സർക്കാർ ഗ്രാന്റുകളും, പഞ്ചായത്തിന്റെ

തനതു വരുമാനവും മാത്രമാണ് വിനിയോഗിച്ചു വരുന്നത്. ഗ്രാന്റുകളിൽ സംസ്ഥാന സർക്കാർ ബജറ്റിലൂടെ പ്രഖ്യാപിക്കുന്ന വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), വികസന ഫണ്ട (ടി.എസ്.പി) ധനകാര്യകമ്മീഷൻ ഗ്രാന്റ്, റോഡ് അറ്റകുറ്റപ്പണി ഗ്രാന്റ്, നോൺ റോഡ് അറ്റകുറ്റപ്പണി ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയും പുറമെ , ഡിപ്പാർട്ട്മെന്റ് ഫണ്ടുകൾ എന്നിവയും കേന്ദ്ര സർക്കാർ ഗ്രാന്റുകളായ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഗ്രാന്റ്, സമ്പൂർണ ശുചിത്വ യജ്ഞം ഗ്രാന്റ്, എം.പി ഫണ്ട്, എം എൽ എ ഫണ്ട്, അംഗൻവാടി പോഷകാഹാരം കേന്ദ്ര വിഹിതം എന്നിവയും ജില്ലാ പഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും സംയുക്ത പ്രൊജക്ടുകൾക്ക് അനുവദിക്കുന്ന തുകയും ഉൾപ്പെടുന്നു. പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന ഉറവിടം കെട്ടിടനികുതി, തൊഴിൽ നികുതി, ഷോപ്പിംഗ് കോംപ്ളക്സ് വാടക എന്നിവയാണ്. ഇവയ്ക്കു പുറമെ കച്ചവട ലൈസൻസ് ഫീസ്, കെട്ടിടനിർമ്മാണ അനുമതി ഫീസ്, ലേലം വരവ്, സിവിൽ രജിസ്ട്രേഷൻ വരവ് എന്നിവയും തനതു വരുമാനത്തിലെ പ്രധാന ഇനങ്ങളാണ്. സർക്കാർ അനുവദിക്കുന്ന ഒട്ടുമിക്ക വരുമാന സ്രോതസ്സുകളും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുതൽകൂട്ടാക്കാൻ പഞ്ചായത്ത് ശ്രമിക്കാറുണ്ട്.

പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുതൽ കൂട്ടാകേണ്ട മുഴുവൻ നികുതികളും ഫീസുകളും ചുമത്താനും, ചുമത്തപ്പെട്ടവ മുഴുവനായും പിരിച്ചെടുക്കുന്നതിനും നമുക്ക് സാധിക്കാറുണ്ട്.

ബജറ്റിലെ ശ്രദ്ധാകേന്ദ്രങ്ങൾ

ധനസ്ഥിതി അവലോകനത്തിൽ സൂചിപ്പിച്ചതുപോലെ പഞ്ചായത്തിന്റെ വരവിനത്തിൽ മുമ്പിൽ നിൽക്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പഞ്ചായത്തിന് അനുവദിക്കുന്ന ഗ്രാന്റുകളും ധനസഹായങ്ങളും തന്നെയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്ന ഗ്രാന്റുകളിലും ധനസഹായങ്ങളിലും വികസന ഫണ്ട്-ജനറൽ, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ മാത്രമാണ് പഞ്ചായത്തിന് യഥേഷ്ടമായി വിനിയോഗിക്കാൻ കഴിയുന്നത്. കേന്ദ്ര സർക്കാർ ധനസഹായങ്ങൾ , സംസ്ഥാന സർക്കാർ ഗ്രാന്റുകളായ വികസന ഫണ്ട് -പ്രത്യേക ഘടക പദ്ധതി , അറ്റകുറ്റപ്പണി ഗ്രാന്റുകൾ എന്നിവയും മറ്റു പ്രത്യേക ധനസഹായങ്ങളും ചെലവഴിക്കുന്നതിന് നിയന്ത്രണങ്ങളും, നിർദ്ദേശങ്ങളും ബാധകമാണ്. കൂടാതെ യഥേഷ്ട അനുമതിയുള്ള വരവിനങ്ങളിൽ നിന്നും സർക്കാർ നിർദ്ദേശ പ്രകാരം നിർബന്ധമായും വകയിരുത്തേണ്ട മേഖലകൾ കൂടി ഉണ്ട്. സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഗ്രാന്റുകൾ സംസ്ഥാന ബജറ്റിൽ ഉൾപ്പെട്ടതിനാൽ അവ അങ്ങനെ തന്നെ ഈ ബജറ്റിന്റെ ഭാഗമാക്കിയിരിക്കുന്നു.

പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വസ്തു നികുതി, തൊഴിൽ നികുതി എന്നിയ്ക്ക് പുറമേ നല്ലൊരു പങ്കു വഹിക്കുന്ന ഇനമാണ് ചന്തപ്പുര ഷോപ്പിംഗ് കോംപ്ളക്സിൽ നിന്നുള്ള വാടക വരുമാനം. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി, അംഗീകാരമില്ലാതെ അധിക നിർമാണം നടത്തിയ കെട്ടിടങ്ങൾ ക്രമവൽകരിക്കുന്നതിലൂടെ പെർമിറ്റ് ഫീസ് ഇനത്തിലും, നികുതിയിനത്തിലും നല്ലൊരു തുക ഈവർഷം ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ പഞ്ചായത്തിന് പരസ്യനികുതി ഇനത്തിൽ ലഭിച്ചു വരുന്ന വരുമാനം ഇല്ലാതായിരിക്കുകയാണ്. ഭവനങ്ങളും കച്ചവട സ്ഥാപനങ്ങളും മറ്റു സ്ഥാപനങ്ങളും പുതിയതായി നിർമ്മിക്കപ്പെടുന്നതിന്റെ ഭാഗമായുണ്ടാകാവുന്ന വർദ്ധനവ് ബജറ്റിൽ വരുത്തിയിട്ടുണ്ട്.

തൊഴിൽ നികുതിയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സർക്കാറിന്റെ ഭാഗത്തു നിന്നും ഉണ്ടായാൽ മാത്രമേ ഈ ഇനത്തിൽ വരുമാന വർദ്ധനവ് പ്രതീക്ഷിക്കാൻ സാധിക്കു. മറ്റു വരുമാന ഇനങ്ങളിലും പൊതു സാമ്പത്തിക വളർച്ചയുടെ ഭാഗമായി ആനുപാതികമായ വർദ്ധനവ് വരുത്തിയിരിക്കുന്നു.

ഉൽപ്പാദന മേഖല

കണ്ണൂർ ജില്ലയിലെ പ്രധാന പാടശേഖരം നിലനിൽക്കുന്ന ഒരു പ്രദേശമാണ്കടന്നപ്പള്ളി പാണപ്പുഴ. കാലാ കാലങ്ങളായി നെൽകൃഷിക്ക് പ്രാധാന്യം നൽകി ബജറ്റും പദ്ധതിയും തയ്യാറാക്കിവരുന്ന പഞ്ചായത്താണ് നമ്മുടേത്. ഭക്ഷ്യസ്വയംപര്യാപ്തത എന്ന വിശാലമായ കാഴ്ചപ്പാടോടെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിയിറക്കി തരിശുരഹിത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനും ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും സാധിക്കേണ്ടതുണ്ട്. നെൽകൃഷിയിലും മറ്റ് ഫല വർഗകൃഷിയിൽ ഏർപ്പെടുന്ന കർഷകർക്ക് പരമാവധി പ്രോൽസാഹനം നൽകുക എന്ന നയം ബജറ്റ് മുന്നോട്ടു വെക്കുന്നു. ഉൽപ്പാദന മേഖലയിൽ നെൽകൃഷിക്ക് പ്രത്യേക ഊന്നൽ നൽകുമ്പോഴും തെങ്ങ്കൃഷി ,കവുങ്ങ് കൃഷി , പച്ചക്കറി കൃഷി, വാഴ കൃഷി, കിഴങ്ങുവർഗ്ഗ കൃഷി എന്നിവയ്ക്കും അത്രതന്നെ പ്രാധാന്യം നൽകിയിട്ടുണ്ട്.

<u>ഉൽപ്പാദന മേഖലയിലെ പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ ചുവടെ-</u>

1. നെൽകൃഷിക്കൊപ്പം, കവുങ്ങ്, തെങ്ങ്, കിഴങ്ങ്വർഗങ്ങൾ തുടങ്ങിയ കൃഷികളും, പച്ചക്കറകൃഷി വ്യാപിപ്പിക്കുന്നതിനായി ടെറസ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, പറങ്കി കൃഷി വ്യാപിപ്പിക്കുന്നതിന് റെഡ് ചില്ലീസ് എന്ന പദ്ധതിയും നടപ്പിലാക്കുന്നു.
2. രോഗം ബാധിച്ച് നശിച്ച കവുങ്ങുകൾ മുറിച്ചുമാറ്റി പുതിയത് വെച്ചുപിടിപ്പിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നു.

3. കൃഷിക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ആണിത്തോടുകൾ നിർമിക്കുന്നതിനും, നിലവിലുള്ളവ നവീകരിക്കുന്നതിനും, ക്രോസ് ബാറുകളുടെ പലക മാറ്റുന്നതിനും, വി സി ബി കൾ നിർമിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

4. ക്ഷീരമേഖലയിൽ കന്നുകുട്ടി പരിപാലനത്തിനും, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനും പദ്ധതി നടപ്പിലാക്കുന്നു.

5. സ്കൂളുകൾ കേന്ദ്രീകരിച്ച് പൗൾട്രീ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും, മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

6. കേരള സർക്കാറിന്റെ സംരഭക പ്രോത്സാഹന പ്രവർത്തനങ്ങളോടൊപ്പം നിന്നുകൊണ്ട്, പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്നവർക്ക് സഹായകരമാകുന്ന പദ്ധതിയും ഈ വർഷം നടപ്പിലാക്കുന്നു.

7. സേവനമേഖല

പഞ്ചായത്തിൽ നിയമപ്രകാരം അർപ്പിതമായ ഉത്തരവാദിത്തങ്ങളും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറ്റം ചെയ്തു കിട്ടിയ ഉത്തരവാദിത്തങ്ങളും വ്യാപിച്ചു കിടക്കുന്നത് സേവന മേഖലയിലാണ്. പഞ്ചായത്ത് രാജ് സേവനങ്ങളും വിവിധ ക്ഷേമ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നതിന് സേവന മേഖലയിൽ നിരവധി പദ്ധതികൾ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ ചുവടെ

1. ദാരിദ്രമുക്ത കേരളം എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി കേരള സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന അതിദാരിദ്ര നിർമാർജ്ജന പരിപാടിയുടെ ഭാഗമായി, സർവ്വേ നടത്തി കണ്ടെത്തിയ അതിദരിദ്രരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനായി കഴിഞ്ഞ വർഷങ്ങളിൽ മൂന്ന് ഘട്ടങ്ങളിലായുള്ള(അടിയന്തിരം, ഹ്രസ്വകാലം, ദീർഘകാലം) പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞതാണ്. അതിന്റെ തുടർച്ചയായി അടുത്ത സാമ്പത്തിക വർഷവും തുടർപ്രവർത്തനങ്ങൾ ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
2. ശുചിത്വ സുന്ദര ഗ്രാമം – പഞ്ചായത്ത് പരിധിയിലെ എല്ലാ പാതയോരങ്ങളും ഹരിതാഭമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ വീടുകൾ വായനശാലകൾ തുടങ്ങിയവരുടെ സഹകരണത്തോടെ റോഡരികുകളിൽ ചെടികൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുവാൻ ഉദ്ദേശിക്കുന്നു.
3. മുൻകാലങ്ങളിലെ പോലെ മുഴുവൻ വീടുകളിലുമുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ് യൂണിറ്റിലെത്തിച്ച് തരംതിർച്ച് സംസ്കരിക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ ത്വരിതപ്പെടുത്തതിനൊപ്പം സമ്പൂർണ്ണ ശുചിത്വ പദവി നിലനിർത്തുക എന്ന ലക്ഷ്യത്തോടെ ജൈവമാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി മാറ്റുന്നതിന് റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്യുന്നതിനും പദ്ധതിയുണ്ട്.
4. ഭവനരഹിതരായ മുഴുവൻ പേർക്കും അടച്ചുറപ്പുള്ള ഭവനം നിർമിച്ചുനൽകുക എന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാറിന്റെ ലക്ഷ്യം

സാക്ഷാത്കരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന ലൈഫ് മിഷൻ ഭവന നിർമാണ പദ്ധതിയുടെ ഭാഗമായി ഇതിനോടകം 44 വീടുകളുടെ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് 2020 പ്രകാരം 123 ഗുണഭോക്താക്കളാണ് കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിലുള്ളത്. ഇതിൽ 60 കുടുംബങ്ങളുടെ ഭവന നിർമാണം ആരംഭിച്ചുകഴിഞ്ഞു, ഭാക്കിയുള്ളവർക്ക് കൂടി ഭവനം നിർമിച്ചു നൽകുന്നതിനുള്ള പദ്ധതിയും അടുത്ത വർഷം നടപ്പിലാക്കുന്നു.

5. സാന്ത്വന പരിചരണ പദ്ധതി വഴി ആരോഗ്യ മേഖലയിൽവിവിധ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം കിടപ്പുരോഗികളുടെ പരിചരണത്തിന് ഊന്നൽ നൽകുന്നു.
6. വായനശാലകൾക്ക് പത്രങ്ങളും, മാസികകളും വിതരണം ചെയ്യൽ

7. വയോജന സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിന്റെ ഭാഗമായി വയോജനങ്ങൾക്ക് വേണ്ടിയുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യാനും, വയോജന സംഗമം, വയോജനങ്ങളുടെ സർഗോത്സവം തുടങ്ങിയവ നടത്തുന്നതിനും ഈ വർഷം തുക വകയിരുത്തുന്നു.
8. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , ഭിന്നശേഷിക്കാർക്ക് സഹായക

ഉപകരണങ്ങൾ നൽകൽ , ഭിന്നശേഷി സർഗോത്സവം സംഘടിപ്പിക്കൽ

7 സ്ത്രീ ശാക്തീകരണം പ്രധാന ലക്ഷ്യമായി ഏറ്റെടുത്തുകൊണ്ട് ജെന്റർ റിസോഴ്സ് സെന്റർ ആരംഭിക്കൽ, മാനസീക ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വനിതകൾക്ക് കരാട്ടെ, കളരി പരിശീലനം. സ്ത്രീകളെ സാമ്പത്തികമായി സ്വയം പര്യാപ്തതരാക്കുന്നതിനായി ഷീ കഫേ തുടങ്ങിയ പദ്ധതികൾക്കായി തുക വകയിരുത്തുന്നു.

10 എസ്.എസ്.എ ക്ക് തുക വകയിരുത്തിയതിനൊപ്പം സ്കൂളുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം, വിദ്യാർത്ഥികൾക്ക് ഫുട്ബോൾ, വോളിബോൾ പരിശീലനം നൽകൽ, യുവജനങ്ങൾക്കായി കേരളോത്സവം, പഞ്ചായത്തിലെ മുഴുവൻ ആൾക്കാർക്കും പങ്കെടുക്കാൻ പറ്റുന്ന രീതിയിൽ ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കുന്നതിനും ബജറ്റിൽ തുക വകയിരുത്തുന്നു.

11. വായനശാലകളുടെയും, സാംസ്കാരിക കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാറിന്റെ കായിക നയത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ കളി സ്ഥലങ്ങളും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാൻ ലക്ഷ്യമിടുന്നു.

12 വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗ നിയന്ത്രണത്തിനായി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നടത്തിവരുന്ന കണ്ണൂർ ഫൈറ്റ് ക്യാൻസർ, ഡയാലിസിസ് ചെയ്യുന്ന വൃക്ക സംബന്ധമായ അസുഖമുള്ളവർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയും, ലഹരി മുക്ത കേരളം എന്ന സർക്കാറിന്റെ പ്രഖ്യാപിത നയം ലക്ഷ്യം വെച്ച് നടപ്പിലാക്കുന്ന ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം എന്ന പദ്ധതിയും നടപ്പിലാക്കുന്നു.

13. പൊതുജനങ്ങളുടെ ഹാപ്പിനെസ് ഇൻഡക്സ് ഉയർത്തുക എന്ന ലക്ഷ്യത്തോടെ ഹാപ്പിനെസ് പാർക്ക് നിർമാണം ഈ ബജറ്റിന്റെ പ്രധാന സവിശേഷതകളിലൊന്നാണ്.

14. പൊതു ഇടങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനും, മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ഗ്രാമ പഞ്ചായത്തിലെ പൊതു നിരത്തുകളിൽ സി സി ടി വി ക്യാമറകൾ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പിലാക്കുന്നു.

15. പട്ടികജാതി വിഭാഗത്തിൽ പെട്ടവരുടെ സാമൂഹ്യ ഉന്നമനത്തിനായി ഭവന നിർമാണ പദ്ധതി, വിവാഹ ധനസഹായം, ഈ വിഭാഗത്തിലുള്ള കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി സ്കോളർഷിപ്പ് എന്നീ പദ്ധതികളും നടപ്പിലാക്കുന്നു.

16. അംഗൻവാടി കുട്ടികളുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി 56 ലക്ഷം രൂപ വകയിരുത്തുന്നു.

പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയിൽ കഴിഞ്ഞ വർഷങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.എന്നാൽ പുതിയ റോഡുകൾക്കും നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും റോഡുകളുടെ സംരക്ഷണത്തിനുമായി പതിവു പോലെ നല്ലൊരു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ ചുവടെ

1. 2024-25 വർഷം നൂതന പദ്ധതി എന്ന നിലയിൽ ഗ്രാമീണ മേഖലയിൽ വെളിച്ചം എത്തിക്കുക എന്ന ആശയം ഉൾക്കൊണ്ട് '' ഗ്രാമ വെളിച്ചം - ജനകീയ തെരുവ് വിളക്ക് പരിപാടി'' എന്ന പദ്ധതിക്ക് രൂപം നൽകി പദ്ധതി പ്രകാരം കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ജനകീയ പങ്കാളിത്തത്തോടെ വെളിച്ചമെത്തിക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് ഗ്രാമ വെളിച്ചം - ജനകീയ തെരുവ് വിളക്ക് പദ്ധതി. പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ റോഡരികുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെ സഹകരണത്തോടെ അവരവരുടെ വീട്ടുപറമ്പിൽ നിന്നും റോഡിലേക്ക് വെളിച്ചം പകരും വിധത്തിൽ തെരുവ് വിളക്കുകള് സ്ഥാപിക്കുകയും, അതുവഴി രാത്രി സമയങ്ങളിൽ നമ്മുടെ ഗ്രാമങ്ങളിലെ റോഡുകളില് മുഴുവന് സമയവും വെളിച്ചം പ്രദാനം ചെയ്യുന്നതിനും ഗ്രാമ പഞ്ചായത്ത് ലക്ഷ്യമിടുന്നു
2. നിലവിലുള്ള തെരുവ് വിളക്കുകളുടെ പരിപാലത്തിനും തുക വകയിരുത്തി.
3. എല്ലാ പ്രദേശങ്ങളിലേക്കും ഗതാഗതം സുഗമമാക്കേണ്ടതിലേക്കായി പ്രദേശങ്ങൾ തമ്മിലുള്ള റോഡുകൾ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

4. പഞ്ചായത്തിന്റെ സമഗ്ര വികസനം മുൻനിർത്തി നിലവിലുള്ള റോഡുകളുടെ നവീകരണം, പുതിയ റോഡുകൾ നിർമ്മിക്കൽ.

5. പഞ്ചായത്ത് ഗ്രൗണ്ടുകളുടെ നവീകരണത്തിനായി തുക വകയിരുത്തിയിരിക്കുന്നു.

6. ഘടകസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്.

7. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആസ്തി വികസനത്തിലും, പശ്ചാത്തല മേഖലയിലും നൂതന പദ്ധതികൾ വഴി സമഗ്ര വികസനം ബജറ്റ് വിഭാവനം ചെയ്യുന്നു.

പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വെക്കുന്നതും സർവ്വ തലങ്ങളും കോർത്തിണക്കി **58,82,530**/- രൂപ മിച്ചം വരുന്ന ബജറ്റ് പഞ്ചായത്തിന്റെ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

വിശദമായ ബജറ്റ് കണക്കുകൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു

കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത്		
വാർഷിക ബഡ്ജറ്റ് 2024-25		
പ്രതീക്ഷിത വരവ്		
ക്രമനമ്പർ	**ഇനം**	**വകയിരുത്തിയ തുക**
നികുതി വരവുകൾ		
1	തൊഴിൽ നികുതി	**70,00,000**
2	വസ്തു നികുതി	**65,00,000**
ആകെ		**1,35,00,000**
നികുതിയേതര വരവുകൾ		
3	ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ	**3,75,000**
4	നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ വരവ്	**14,50,000**
5	മറ്റു വാടകകൾ (ഹാൾ, പാത്രങ്ങൾ മുതലായവ)	**12,000**
6	കെട്ടിട വാടക	**19,60,000**
7	രജിസ്ട്രേഷൻ ചാർജ്ജ്	**1,000**
8	പിഴ	**3,50,000**
9	ലൈസൻസ് ഫിസ്	**2,50,000**
10	കെട്ടിട നിർമ്മാണ പെർമിറ്റ് ഫിസ്	**40,00,000**
11	സ്ക്രാപ്പ് വിൽപന	**15,000**
12	പകർപ്പ് ഫീസ്	**33,000**
13	മറ്റ്ഫീസുകൾ	**2,50,000**
14	ഫോറം വില	**2,50,000**
15	യൂസർ ചാർജ്ജ്	**2,000**
16	മറ്റിനങ്ങൾ	**1,18,000**
ആകെ		**90,65,500**

	ഗ്രാന്റ് ഇൻ എയ്ഡും കോൺട്രിബ്യൂഷനും	
17	തൊഴിലുറപ്പ് പദ്ധതി	**9,00,00,000**
18	വികസനഫണ്ട് ജനറൽ	**1,98,50,000**
19	വികസനഫണ്ട് എസ് സി പി	**14,63,000**
20	വികസനഫണ്ട് ടി എസ് പി	**0**
21	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	**42,80,000**
22	ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്)	**28,54,000**
23	മെയിന്റനൻസ് ഗ്രാന്റ് റോഡ്	**2,21,25,000**
24	മെയിന്റനൻസ് ഗ്രാന്റ് റോഡിതരം	**53,40,000**
25	ജനറൽ പർപ്പസ് ഫണ്ട്	**1,51,51,000**
26	ബ്ലോക്ക് പഞ്ചായത്ത് വിഹിതം	**43,49,250**
27	ജില്ലാ പഞ്ചായത്ത് വിഹിതം	**45,11,250**
28	മറ്റ് ഗ്രാന്റുകൾ ഫണ്ടുകൾ	**1,07,94,822**
29	ഗുണഭോക്തൃ വിഹിതം	**10,00,000**
30	വിവാഹ ധനസഹായം	**2,00,000**
32	കർഷകതൊഴിലാളി പെൻഷൻ	**1,17,00,480**
33	വാർദ്ധക്യകാല പെൻഷൻ	**3,99,16,800**
34	ശാരീരികമാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	**69,27,360**
35	വിധവാ പെൻഷൻ	**1,95,99,360**
36	50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	**11,82,720**
37	ദുരിതാശ്വാസനിധി	**50,000**
38	ശുചിത്വമിഷൻ ഫണ്ട്	**15,00,000**
40	പോഷകാഹാരം കേന്ദ്രവിഹിതം	**9,00,000**
	ആകെ	**27,77,20,093**
പ്രാരംഭ ബാക്കി		**2,61,62,825**
ആകെ വരവ് (പ്രാരംഭ ബാക്കി ഉൾപ്പടെ)		**30,38,82,918**

കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത്

വാർഷിക ബഡ്ജറ്റ് 2024-25

പ്രതീക്ഷിത ചെലവ്


ക്രമനമ്പർ	ഇനം	തുക
	അനിവാര്യ ചിലവുകൾ	
1	പ്രസിഡന്റ് മെമ്പർമാരുടെ ഓണറേറിയം	**18,00,000**
2	പ്രസിഡന്റ് മെമ്പർമാരുടെ സിറ്റിംഗ് ഫീസ്	**2,50,000**
3	പ്രസിഡന്റ് മെമ്പർമാരുടെ യാത്രാബത്ത	**2,15,000**
4	ജീവനക്കാരുടെ ശബളം	**1,25,00,000**
5	വേതനം(Wages)	**6,50,000**
6	ബോണസ്സ്	**50,000**
7	മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ	**6,00,000**
8	യാത്രാബത്ത	**3,50,000**
9	അവധി ശമ്പളം	**6,50,000**
9	മറ്റു അലവൻസുകൾ	**2,50,000**
10	പെൻഷൻ കോൺട്രിബ്യൂഷൻ	**8,50,000**
	ആകെ	**1,81,65,000**
11	വാടക	**50,000**
12	ഭൂനികുതി	**5,000**
13	ഓഫീസ് ചെലവുകൾ	**2,50,000**
14	പരസ്യപ്രചാരണം , ചെലവ്	**2,00,000**
15	അച്ചടി, സ്റ്റേഷനറി	**2,00,000**
16	ഇൻഷൂറൻസ്, രജിസ്ട്രേഷൻ	**35,000**
17	പ്രൊഫഷണൽ ചാർജ്	**55,000**
18	ലീഗൽ ചാർജ്ജ്	**55,000**
19	മെമ്പർഷിപ്പ് , വരിസംഖ്യ മുതലായവ	**20,000**
20	അസാധാരണ ചെലവുകൾ	**20,000**
21	പെട്രോൾ, ഓയിൽ ലൂബ്രിക്കന്റ് മുതലായ ഇന്ധന ചെലവുകൾ	**3,50,000**
22	വാഹന വാടക	**50,000**
23	റിപ്പയർ & മെയിന്റനൻസ് - വൈദ്യുതി	**2,00,000**

24	റിപ്പയർ & മെയിന്റനൻസ് - ഓഫീസ് ഉപകരണങ്ങൾ	**2,00,000**
25	റിപ്പയർ & മെയിന്റനൻസ് - മറ്റുള്ളവ	**1,00,000**
26	റിപ്പയർ & മെയിന്റനൻസ് - പൊതു കെട്ടിടങ്ങൾ	**2,00,000**
27	വെള്ളക്കരം	**2,00,000**
28	റിപ്പയർ & മെയിന്റനൻസ് മാലിന്യ സംസ്കരണം	**1,00,000**
29	ബാങ്ക് ചാർജ്ജ്	**10,000**
30	ഓഫീസ്, തെരുവ് വിളക്ക് ,മറ്റ് ഓഫീസുകളുടെ കറന്റ്ചാർജ്ജ്	**4,00,000**
31	വാർത്താവിനിമയ ചെലവുകൾ(ടെലഫോൺ)	**2,00,000**
33	തെരഞ്ഞെടുപ്പ്	**1,00,000**
34	വായനശാലകൾക്കുള്ള പത്രമാസികകൾ	**1,50,000**
35	മറ്റ് നടത്തിപ്പ് ചെലവുകൾ	**1,00,000**
36	സ്റ്റോർസ്	**10,000**
37	മറ്റ് ഭരണ ചിലവുകൾ	**5,00,000**
	ആകെ അനിവാര്യ ചെലവുകൾ	**2,21,25000**
	പദ്ധതി ചെലവുകൾ	
	ഉൽപാദന മേഖല	
38	കൃഷി	**44,60,000**
39	മൃഗ സംരക്ഷണം	**4,57,500**
40	ക്ഷീര മേഖല	**15,00,000**
41	ചെറുകിട സംരംഭം	**7,60,000**
	സേവന മേഖല	
42	ശിശു ക്ഷേമം	**36,50,000**
43	വനിതാ ക്ഷേമം	**22,70,000**
44	വിദ്യാഭ്യാസം	**12,73,000**
45	ആരോഗ്യം	**39,50,000**
46	കുടിവെള്ളം	**16,40,000**
47	ശുചിത്വം	**47,20,720**
48	ദാരിദ്ര ലഘൂകരണം, പാർപ്പിടം	**1.55,70,000**
49	സാമൂഹ്യ ക്ഷേമം	**33,50,000**
50	കല സംസ്കാരം, യുവജന ക്ഷേമം	**20,75,000**
51	വയോജനക്ഷേമം	**12,50,000**

52	ശാരീരികമാനസീക വെല്ലുവിളിനേരിടുന്നവർക്കുള്ള പരിപാടികൾ	**12,25,000**
53	കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചിലവ്	**6,00,000**
54	ഐ കെ എം പണം നൽകൽ	**1,00,000**
55	പദ്ധതി രൂപീകരണം മോണിറ്ററിംഗ്	**2,00,000**
56	ഗ്രാമ വെളിച്ചം - ജനകീയ തെരുവ് വിളക്ക് പരിപാടി	**15,00,000**
57	പൊതു ഇടങ്ങളിൽ സി സി ടി വി സ്ഥാപിക്കൽ	**2,50,000**
58	ജീവിതമാണ് ലഹരി - ലഹരിയല്ല ജീവിതം	**1,00,000**
59	തെരുവ് വിളക്ക് പരിപാലനം	**2,00,000**
60	സദ്ഭരണം	**15,00000**
61	പട്ടികജാതി വികസനം	**14,63,000**
	പശ്ചാത്തല മേഖല	
62	റോഡുകൾ,	**3,29,75,000**
63	കെട്ടിടങ്ങൾ	**25,50,000**
	സാമൂഹ്യസുരക്ഷിതത്വം (പെൻഷൻ)	
64	വിവാഹ ധനസഹായം	**2,00,000**
65	കർഷകതൊഴിലാളി പെൻഷൻ	**1,17,00,480**
66	വാർദ്ധക്യകാല പെൻഷൻ	**3,99,16,800**
67	ശാരീരികമാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	**69,27,360**
68	വിധവാ പെൻഷൻ	**1,95,99,360**
69	50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	**11,82,720**
71	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	**9,00,00,000**
	ആകെ ചെലവുകൾ	**29,80,00,338**
	ഋണശീർഷ കണക്കുകൾ	
72	ജീവനക്കാരുടെ അഡ്വാൻസുകൾ	**3,00,000**
73	നിരതദ്രവ്യം	**1,00,000**
74	സെക്യൂരിറ്റി നിക്ഷേപം	**3,00,000**
75	ലൈബ്രറി സെസ്സ്	**3,25,000**
76	ആദായ നികുതി	**1,50,000**
77	ജി എസ് ടി	**4,50,000**
78	നിർമ്മാണതൊഴിലാളി ക്ഷേമനിധി ഫണ്ട്	**55,000**
79	റീടെൻഷൻ തുക	**4,00,000**

80	ശമ്പള റിക്കവറികൾ	**13,00,000**
81	മുൻകൂറായി ലഭിച്ച നികതി നികുതിയേതര വരവുകൾ	**5,00,000**

കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമ പഞ്ചായത്ത്	
വാർഷിക ബഡ്ജറ്റ് 2024-25 സംഗ്രഹം	
പ്രാരംഭബാക്കി	**2,61,62,825**
ആകെ വരവ്	**27,77,20,093**
ഒട്ടാകെ	**30,38,82,918**
ആകെ ചെലവ്	**29,80,00,388**
നീക്കിയിരിപ്പ്	**58,82,530**



“ഏതു വികസന പ്രവർത്തനവും
സമൂഹത്തിലെ ഏറ്റവും ദരിദ്രനായ
നിസ്വനായ ഒന്നുമല്ലാത്തവനായ
ആൾക്ക് ഏതെങ്കിലും തരത്തിൽ
ഉപകരിക്കുന്നതാകണം.
അങ്ങിനെയല്ലെങ്കിൽ അത്
അധാർമികമാകും “

-മഹാത്മാഗാന്ധി-